**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2653** **17-03-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ഉൽപാദകരിൽ നിന്നും വൈദ്യുതി വാങ്ങാനുള്ള കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | റെഗുലേറ്ററി കമ്മീഷന്റെ അനുമതിയില്ലാതെ സ്വകാര്യ ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങാനുള്ള 25 വർഷത്തെ കരാർ നടപ്പിലാക്കിയത് മൂലം വൈദ്യുതി ബോർഡിന് പതിനയ്യായിരം കോടി രൂപയുടെ അധികബാധ്യത ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | റെഗുലേറ്ററി കമ്മീഷന്റെ അനുമതിയില്ലാതെ സ്വകാര്യ ഉല്പാദകരിൽ നിന്നും വൈദ്യുതി വാങ്ങാനുള്ള 25 വർഷത്തെ കരാർ നടപ്പിലാക്കിയത് മൂലം വൈദ്യുതി ബോർഡിന് പതിനയ്യായിരം കോടി രൂപയുടെ അധിക ബാധ്യത ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടില്ല |
| (ബി) | ആയതിന്റെ അടിസ്ഥാനത്തിൽ കരാർ റദ്ദാക്കാൻ ധനകാര്യ വകുപ്പ് സെക്രട്ടറി അധ്യക്ഷനായ സമിതി ശിപാർശ ചെയ്തിട്ടുണ്ടോ; | (ബി) | 2014-2015 കാലയളവിൽ ഒപ്പ് വച്ച ചില ദീർഘകാല കരാറുകൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇതുവരെ അംഗീകരിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിക്കുന്നതിനാണ് സമിതി രൂപീകരിച്ചത്. കേരള സർക്കാരിന്റെ ധനകാര്യ വകുപ്പ് സെക്രട്ടറി അധ്യക്ഷനായ സമിതി കരാർ റദ്ദാക്കാൻ ശുപാർശ ചെയ്തിട്ടില്ല. എന്നാൽ KSEBL DBFOO പ്രകാരമുള്ള ദീർഘകാല കരാറിൽ ഏർപ്പെട്ടപ്പോൾ Standard bidding documents-ൽ നിന്നും കെ.എസ്.ഇ.ബി വരുത്തിയിട്ടുള്ള വ്യതിയാനങ്ങൾ സംസ്ഥാന ഗവൺമെന്റ് അഗികരിക്കേണ്ടതില്ല എന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കരാർ റദ്ദാക്കണമെന്ന് കേന്ദ്ര വൈദ്യുതി മന്ത്രാലയം നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | പ്രസ്തുത കരാർ റദ്ദാക്കണമെന്ന് കേന്ദ്ര വൈദ്യുതി മന്ത്രാലയം നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ കേരള സർക്കാരോ KSEBL-ലോ കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷനുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിക്കാത്ത കരാറുകളുടെ അംഗീകാരത്തിന് വേണ്ട നടപടികൾ കൈകൊള്ളുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് ഉടൻ തീരുമാനം എടുക്കണം എന്നാവശ്യപ്പെട്ട് ബോർഡ് ചെയർമാൻ ചീഫ് | (ഡി) | കെ.എസ്.ഇ.ബി.എൽ ചെയർമാൻ അംഗവുംധനകാര്യവകുപ്പ് സെക്രട്ടറി അധ്യക്ഷനുമായുള്ള സമിതിയുടെ ശുപാർശ കേരള |

| | | | |
|---|---|---|---|
| | സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | | സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശയിന്മേൽ സർക്കാർ തീരുമാനം എടുക്കുന്ന മുറയ്ക്ക് വൈദ്യുതി ബോർഡ് സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ തീരുമാനങ്ങൾക്കായി സമീപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ